സുജ ചാണ്ടി സഫിൻ ഇന്ത്യ മാനേജിങ് ഡയറക്ടർ

തിരുവനന്തപുരം

സുജ ചാണ്ടി

നിസാൻ മോട്ടോർ കോർപറേഷന്റെ ഗ്ലോബൽ ഡിജിറ്റൽ ഹബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന സുജ ചാണ്ടിയെ സഫിന്റെ (https://zafin.com) ഇന്ത്യയിലെ മാനേജിങ് ഡയറക്ടറായി നിയമിച്ചു. കാനഡയിലെ വാൻകൂവർ ആസ്ഥാനമായ സഫിന്റെ ഇന്ത്യൻ മേഖലയിലെ വളർച്ചയും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിനാണ് നിയമനം. തിരുവനന്തപുരമാകും പ്രവർത്തനമേഖല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വികസനം

210 സ്കിൽ ഡെവലപ്മെന്റ് സെന്റർ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ സ്റ്റാർസ് പദ്ധതിയിലാരംഭിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്റർ എസ്സിഇആർടി ഡയറക്ടർ ഡോ. ആർ കെ ജയപ്രകാശ് ഉദ്ഘാടനം ചെയ്യുന്നു

സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ സ്റ്റാർസ് പദ്ധതിയിൽ സംസ്ഥാനത്ത് 210 സ്കിൽ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കും. പദ്ധതി എസ്സിഇആർടി ഡയറക്ടർ ഡോ. ആർ കെ ജയപ്രകാശ് ഉദ്ഘാടനം ചെയ്തു. എസ്എസ്കെ ഡയറക്ടർ ഡോ. എ ആർ സുപ്രിയ അധ്യക്ഷയായി. അഭിരുചിക്കും ഭാവി തൊഴിൽ സാധ്യതയ്ക്കും അനുഗുണമായ വൈദഗ്ധ്യം യുവജനങ്ങളിൽ എത്തിക്കാവുന്ന തരത്തിലാണ് പദ്ധതി. പൊതുവിദ്യാലയങ്ങളിൽ നേരിട്ടെത്തി തുടർപഠനം പൂർത്തിയാക്കാൻ കഴിയാത്തതും പത്താം ക്ലാസ് കഴിഞ്ഞതുമായ 21 ൽ താഴെയുള്ളവർക്ക് സെന്ററുകൾ പിന്തുണ നൽകും. പൊതുവിദ്യാലയങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്നവർക്ക് അവർ ആഗ്രഹിക്കുന്ന തൊഴിൽ മേഖലയെക്കുറിച്ചും വികാസ സാധ്യതയെ സംബന്ധിച്ചും അവബോധം സൃഷ്ടിക്കാൻ ഈ കേന്ദ്രങ്ങൾ വഴിയൊരുക്കും. ഉദ്ഘാടന ചടങ്ങിൽ സംസ്ഥാനതല പ്രവർത്തന വിശദീകരണ ശിൽപ്പശാലയും നടന്നു. ആറ് മാസ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (എൻഎസ്ക്യുഎഫ്) സർട്ടിഫിക്കറ്റ് ലഭിക്കും. തൊഴിൽ സാധ്യതകൾ ഉള്ള 14 കോഴ്സാണ് ആരംഭിക്കുക. സ്കോൾ കേരള വൈസ് ചെയർമാൻ ഡോ. പി പ്രമോദ്, വിഎച്ച്എസ്ഇ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) ഡോ. വി മിനി,

സിപിഐ സംസ്ഥാന കമ്മിറ്റി ഓഫീസ് എം എൻ സ്മാരകം നവീകരണത്തിന്റെ ശിലാസ്ഥാപനം സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ നിർവഹിക്കുന്നു

എം എൻ സ്മാരകം നവീകരണത്തിന് തുടക്കം

തിരുവനന്തപുരം

സിപിഐ സംസ്ഥാന കൗൺസിൽ ഓഫീസ് പ്രവർത്തിക്കുന്ന എം എൻ സ്മാരകത്തിന്റെ നവീകരണം തുടങ്ങി. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനംചെയ്തു. സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി ഇ ചന്ദ്രശേഖരൻ അധ്യക്ഷനായി. കേന്ദ്ര നിർവാഹക സമിതി അംഗം കെ പ്രകാശ് ബാബു, സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി പി പി സുനീർ, സംസ്ഥാന നിർവാഹക സമിതി അംഗം ജി ആർ അനിൽ, ജില്ലാ സെക്രട്ടറി മാങ്കോട് രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു

എൻജിഒ യൂണിയൻ വജ്ര ജൂബിലി സമ്മേളനത്തിന്റെ പതാകദിനത്തിന്റെ ഭാഗമായി സംസ്ഥാന സെന്ററിൽ യൂണിയൻ സംസ്ഥാന പ്രസിഡന്റ് എം വി ശശിധരൻ പതാക ഉയർത്തുന്നു

എൻഡോസൾഫാൻ ഇരകളുടെ ചികിത്സ: ഹൈക്കോടതിക്ക് കൈമാറി സുപ്രീംകോടതി

സ്വന്തം ലേഖകൻ

ന്യൂഡൽഹി

എൻഡോസൾഫാൻ രോഗികളുടെ തുടർചികിത്സ, സാന്ത്വന പരിചരണങ്ങൾ തുടങ്ങിയ വിഷയങ്ങൾ കേരള ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വിട്ട് സുപ്രീംകോടതി. കാസർകോട് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സമർപ്പിച്ച റിപ്പോർട്ടടക്കം പരിശോധിച്ച ശേഷമാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന്റെ തീരുമാനം. എൻഡോസൾഫാൻ ഇരകൾക്കും ബന്ധുക്കൾക്കുമുള്ള നഷ്ടപരിഹാരവിതരണം പൂർത്തിയായതായി സംസ്ഥാന സർക്കാർ കോടതിയെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ, ഇരകൾക്കുള്ള സാന്ത്വനപരിചരണംപോലുള്ള കാര്യങ്ങളിൽ ഹൈക്കോടതിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നും ചീഫ് ജസ്റ്റിസ് നിർദേശിച്ചു. സംസ്ഥാനസർക്കാരിനുവേണ്ടി മുതിർന്ന അഭിഭാഷകൻ ജയ്ദീപ്ഗുപ്ത, സ്റ്റാൻഡിങ് കോൺസൽ നിഷേ രാജൻ ഷൊങ്കർ എന്നിവർ ഹാജരായി. എൻഡോസൾഫാൻ ഇരകളായ മൂവായിരത്തിഎഴുനൂറോളം പേർക്ക് അഞ്ചുലക്ഷം രൂപവീതം സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകിയിരുന്നു.

കുട്ടികളുടെ ചലച്ചിത്രാസ്വാദന ക്യാമ്പ്: അപേക്ഷാ തീയതി നീട്ടി

തിരുവനന്തപുരം

കുട്ടികളിൽ ഉയർന്ന നിലവാരത്തിലുള്ള ചലച്ചിത്രാസ്വാദനശീലം വളർത്തുന്നതിന് സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ചലച്ചിത്രാസ്വാദന ശിൽപ്പശാലകളിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷാ തീയതി 19 വരെ നീട്ടി. കൊല്ലത്ത് 23,24,25 തീയതികളിലും കോഴിക്കോട്ട് മെയ് 27,28,29 തീയതികളിലുമാണ് ക്യാമ്പ് നടക്കുക. ശിശുക്ഷേമ സമിതിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ത്രിദിന ക്യാമ്പിൽ 8,9,10 ക്ലാസുകളിലെ കുട്ടികൾക്ക് പങ്കെടുക്കാം. താമസവും ഭക്ഷണവും സൗജന്യം.

ഏറ്റവും പ്രിയപ്പെട്ട സിനിമയെക്കുറിച്ച് മികച്ച ആസ്വാദനക്കുറിപ്പ് എഴുതി അയക്കുന്ന 60 പേർക്കാണ് ഓരോ ക്യാമ്പിലും പ്രവേശനം നൽകുക. മലയാളത്തിൽ സ്വന്തം കൈപ്പടയിൽ എഴുതി സ്കാൻ ചെയ്ത് പിഡിഎഫ് ഫോർമാറ്റിൽ cifra@chalachitraacademy.org എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം.

കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ ദേശീയ ഓർഗനൈസിങ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട എ മുഹമ്മദ്. സിവിൽ അക്കൗണ്ട്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയാണ്

എൻജിഒ യൂണിയൻ പതാകദിനം ആചരിച്ചു

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്ര ജൂബിലി സമ്മേളനത്തിന്റെ പതാകദിനം ആചരിച്ചു. ഏരിയ കേന്ദ്രങ്ങളിൽ രാവിലെ പ്രസിഡന്റുമാർ പതാക ഉയർത്തി. വൈകിട്ട് ജില്ലാ കേന്ദ്രങ്ങളിൽ സമ്മേളന പ്രചാരണാർഥം വിളംബരജാഥ സംഘടിപ്പിച്ചു. സംസ്ഥാന സെന്ററിൽ യൂണിയൻ സംസ്ഥാന പ്രസിഡന്റ് എം വി ശശിധരൻ പതാക ഉയർത്തി സംസാരിച്ചു. ജനറൽ സെക്രട്ടറി എം എ അജിത് കുമാർ സംസാരിച്ചു. 'നവകേരളം ജനപക്ഷ സിവിൽ സർവീസ്' മുദ്രാവാക്യം മുൻനിർത്തി സംഘടിപ്പിക്കുന്ന വജ്ര ജൂബിലി സമ്മേളനം 27 മുതൽ 30 വരെ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും.

തിരുവനന്തപുരം നോർത്ത് ജില്ലയിലെ എല്ലാ ഏരിയകളിലും പതാക ദിനം ആചരിച്ചു. വികാസ് ഭവനിൽ സംസ്ഥാന ട്രഷറർ എൻ നിമൽരാജ്, ഡിഎച്ച്എസിൽ സംസ്ഥാന സെക്രട്ടറിയറ്റംഗം കെ പി സുനിൽകുമാർ, പട്ടത്ത് ജില്ലാ സെക്രട്ടറി കെ എ ബിജു രാജ്, പുത്തൻചന്തയിൽ ജില്ലാ പ്രസിഡന്റ് കെ എം സക്കീർ, മെഡിക്കൽ കോളെജിൽ ജി ശ്രീകുമാർ, ചിറയിൻകീഴിൽ എസ് ശ്രീകുമാർ എന്നിവർ പതാക ഉയർത്തി. അർച്ചന ആർ പ്രസാദ് ആറ്റിങ്ങലും എ ഷാജഹാൻ വർക്കലയിലും അരുൺ ആറെൻസി കഴക്കൂട്ടത്തും വി ബൈജു കുമാർ വഞ്ചിയൂരിലും പി കെ വിനു കുമാർ ഡിഎംഇയിലും വി ഷിജി ഫോർട്ടിലും പതാക ഉയർത്തി സംസാരിച്ചു.

യുഡിഎഫ് വിപുലീകരണം

യാചനയ്ക്കു പിന്നിൽ പരാജയ ഭീതി

ദിനേശ്‌വർമ

തിരുവനന്തപുരം

> കേരളത്തിൽ യുഡിഎഫിന് എതിരായ സാഹചര്യത്തിൽ കാര്യമായ മാറ്റമില്ലെന്ന ബോധ്യവും കോൺഗ്രസ് നേതാക്കളെ വേട്ടയാടുന്നു

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഫലം ദയനീയമാകുമെന്ന തിരിച്ചറിവിൽ, നടക്കാത്ത മുന്നണി വിപുലീകരണ സ്വപ്നവുമായി യുഡിഎഫ്. തങ്ങൾ കൃത്യമായ രാഷ്ട്രീയ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും കെട്ടുറപ്പുള്ള എൽഡിഎഫിൽ സന്തോഷപൂർവം മുന്നോട്ടുപോവുകയാണെന്നും പല പ്രാവശ്യം നയം വ്യക്തമാക്കിയതാണ് കേരള കോൺഗ്രസ് എം. എന്നാൽ, വീണ്ടും നാണംകെട്ട് കോൺഗ്രസിന് അവർക്ക് മുന്നിൽ യാചിക്കേണ്ടിവന്നത് പാർടിയിലെയും മുന്നണിയിലെയും സ്ഥിതിഗതികൾ ഗുണകരമല്ലെന്ന തിരിച്ചറിവിൽ.

കോൺഗ്രസ് ആവശ്യം കേരള കോൺഗ്രസ് നേതാക്കൾ വീണ്ടും തള്ളിയതോടെ ചില നേതാക്കളുടെ മാത്രം അഭ്യർഥനയായി മാറ്റി തടിതപ്പാനാണ് ശ്രമം. എന്നാൽ, ഏതെങ്കിലും നേതാവിന്റെ മാത്രം അഭ്യർഥനയല്ല ഏറ്റവും ഒടുവിൽ കൽപ്പറ്റയിൽ ചേർന്ന കോൺഗ്രസ് ലീഡേഴ്സ് മീറ്റിൽ അടക്കം ചർച്ച ചെയ്ത് തീരുമാനിച്ച പ്രകാരമാണ് കെ സുധാകരനടക്കം ഇക്കാര്യം പരസ്യമായി പറഞ്ഞതെന്ന് വ്യക്തം.

കെപിസിസി ചിന്തൻ ശിബിര തീരുമാനപ്രകാരം കഴിഞ്ഞ ജൂലൈയിൽ കേരള കോൺഗ്രസിനെ യുഡിഎഫിലേക്ക് ക്ഷണിച്ചിരുന്നു. ചില മാധ്യമങ്ങളുടെ സഹായത്തോടെ വലിയ ചർച്ചയാക്കാൻ ശ്രമിച്ചെങ്കിലും ജോസ് കെ മാണിയും റോഷി അഗസ്റ്റിനും നിസ്സംശയം മറുപടി നൽകി. തങ്ങളെ ആട്ടിപ്പായിച്ചവരാണ് ഇപ്പോൾ ക്ഷണിക്കുന്നതെന്നും എൽഡിഎഫ് വിടേണ്ട ഒരു സാഹചര്യവും ഇല്ലെന്നും വ്യക്തമാക്കി. നവംബറിൽ വീണ്ടും കോൺഗ്രസ് നേതാക്കൾ ഇതേ ആവശ്യവുമായി രംഗത്തുവന്നെങ്കിലും കേരള കോൺഗ്രസ് മുൻ മറുപടി ആവർത്തിച്ചു.

കോൺഗ്രസിൽ എംപിമാരിൽ പകുതിയിലധികം പേരും ഇനി മത്സരിക്കാനില്ലെന്ന നിലപാടിലാണ്. കെ മുരളീധരനും ടി എൻ പ്രതാപനും അടക്കം പലരും ഇക്കാര്യം ഹൈക്കമാൻഡിനെ അറിയിച്ചിരുന്നു. പാർലമെന്റിൽ ബിജെപിയെ നേരിടാനോ കേരളത്തോടുള്ള കടുത്ത അവഗണനയിൽ പ്രതിഷേധിക്കാനോ ആവശ്യമായവ നേടിയെടുക്കാനുള്ള ശ്രമം നടത്താനോ യുഡിഎഫ് എംപി മാർ തയ്യാറായിട്ടില്ല. ഇത് രണ്ടും വീണ്ടും ജനവിധി നേടുന്നതിന് തടസ്സമാണ്.

കർണാടകത്തിൽ ബിജെപിക്കെതിരായ ശക്തമായ ജനവികാരത്തിന്റെ കുത്തൊഴുക്കിൽ കോൺഗ്രസ് നേട്ടമുണ്ടാക്കിയെങ്കിലും കേരളത്തിൽ യുഡിഎഫിന് എതിരായ സാഹചര്യത്തിൽ കാര്യമായ മാറ്റമില്ലെന്ന ബോധ്യവും കോൺഗ്രസ് നേതാക്കളെ വേട്ടയാടുന്നുണ്ട്.

സതീഷ് ഗോപിക്ക് പുരസ്കാരം

കണ്ണൂർ

അധ്യാപകനും ഗ്രന്ഥശാലാ പ്രവർത്തകനുമായിരുന്ന സി എച്ച് ബാലകൃഷ്ണൻ മാസ്റ്ററുടെ സ്മരണയ്ക്കായി ചിറക്കൽ ഗാന്ധിജി റൂറൽ ലൈബ്രറി ഏർപ്പെടുത്തിയ സാഹിത്യ പുരസ്കാരം സതീഷ് ഗോപിക്ക്. 'ബ്രാഞ്ച് സെക്രട്ടറി' എന്ന കവിതാസമാഹാരമാണ് 10,000 രൂപയും ശിൽപ്പവും പ്രശസ്തിപത്രവു മടങ്ങിയ പുരസ്കാരത്തിന് അർഹമായത്. 26ന് ചിറക്കലിൽ നടക്കുന്ന സി എച്ച് ബാലകൃഷ്ണൻ മാസ്റ്റർ അനുസ്മരണ സമ്മേളനത്തിൽ പുരസ്കാരം സമ്മാനിക്കും.

കണ്ണൂർ ആലക്കോട് കുറ്റിപ്പുഴയിലെ എം കെ ഗോപിയുടെയും കമലാക്ഷിയുടെയും മകനാണ്. ഭാര്യ: സി ധനലക്ഷ്മി. മക്കൾ: നിരഞ്ജൻ വ്യാസ്, ഇന്ദ്രനീൽ മൈത്രേയൻ.

റോസ്ഗർ മേള: സംസ്ഥാനത്ത് 288 പേർക്ക് നിയമനപത്രം നൽകി

തിരുവനന്തപുരം

റോസ്ഗർ മേളയുടെ ഭാഗമായി തിരുവനന്തപുരത്തും കൊച്ചിയിലും തപാൽ വകുപ്പ് സംഘടിപ്പിച്ച പരിപാടികളിൽ വിവിധ തസ്തികളിലേക്ക് 288 പേർക്ക് നിയമനപത്രം നൽകി. തിരുവനന്തപുരത്ത് 105 പേർക്കും കൊച്ചിയിൽ 183 പേർക്കുമാണ് നിയമനം. കേരള സർക്കിൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ മഞ്ജു പിള്ള, റെയിൽവേ തിരുവനന്തപുരം ഡിവിഷണൽ മാനേജർ എസ് എം ശർമ എന്നിവർ നിയമനപത്രം കൈമാറി.

മലയാറ്റൂർ ഫൗണ്ടേഷൻ സാഹിത്യ അവാർഡ് വി ജെ ജെയിംസിന്

തിരുവനന്തപുരം

മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണാർഥം മലയാറ്റൂർ ഫൗണ്ടേഷൻ നൽകിവരുന്ന രണ്ടാമത് മലയാറ്റൂർ ഫൗണ്ടേഷൻ സാഹിത്യ അവാർഡ് 'ആന്റിക്ലോക്ക്' നോവൽ രചയിതാവ് വി ജെ ജെയിംസിന്.

25,000 രൂപയും കൃഷ്ണൻ കല്ലാർ രൂപകൽപ്പന ചെയ്ത ശിൽപ്പവും പ്രശസ്തിപത്രവുമാണ് പുരസ്കാരം. 30ന് വൈകിട്ട് ആറിന് തിരുവനന്തപുരം കരമന ശാസ്ത്രീനഗർ അസോസിയേഷൻ ഹാളിൽ നടക്കുന്ന മലയാറ്റൂർ സാംസ്കാരിക സായാഹ്നത്തിൽ പുരസ്കാരം സമ്മാനിക്കും. സാഹിത്യനിരൂപകൻ ഡോ.പി കെ രാജശേഖരൻ, പ്രൊഫ. ചന്ദ്രമതി, പി ആർ ശ്രീകുമാർ എന്നിവരാണ് ജേതാവിനെ തെരഞ്ഞെടുത്തത്.

സവർക്കറെ സ്വാതന്ത്ര്യസമര സേനാനിയാക്കുന്നത് ആർഎസ്എസുകാർ: എം വി ഗോവിന്ദൻ

തിരുവനന്തപുരം


ബോബി തോമസ് എഴുതിയ 'ഗോഡ്സെ ഗാന്ധിജിയെ കൊന്നത് എന്തിന്?' എന്ന പുസ്തകം സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ സിഎംപി ജനറൽ സെക്രട്ടറി സി പി ജോണിന് നൽകി പ്രകാശിപ്പിക്കുന്നു

മഹാത്മാഗാന്ധിയേക്കാൾ പ്രമുഖനായ സ്വാതന്ത്ര്യസമരസേനാനി സവർക്കറാണെന്ന് വരുത്താനാണ് ആർഎസ്എസ് ചരിത്രകാരന്മാർ ശ്രമിക്കുന്നതെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സവർക്കറിന് സ്വാതന്ത്ര്യസമര പോരാട്ടവുമായി ഒരു ബന്ധവുമില്ല. സമരത്തിന്റെ ആദ്യഘട്ടത്തിൽ ഒളിച്ചോടി, മാപ്പെഴുതി, സ്വാതന്ത്ര്യസമരത്തിന്റെ നേർ വിപരീതദിശയിൽ ആശയം ഉൽപ്പാദിക്കുകയായിരുന്നു അദ്ദേഹം. ഗാന്ധിജിയെ കൊന്നതിൽ ഒന്നാംപ്രതി ഗോഡ്സെ അല്ല സവർക്കറാണെന്ന് ബോബി തോമസ് എഴുതിയ 'ഗോഡ്സെ ഗാന്ധിജിയെ കൊന്നത് എന്തിന്?' എന്ന പുസ്തകത്തിൽ പറയുന്നുണ്ടെന്നും എം വി ഗോവിന്ദൻ പുസ്തകം പ്രകാശിപ്പിച്ചുകൊണ്ട് പറഞ്ഞു.

ഇന്ത്യയെ രണ്ടാക്കി വിഭജിക്കാനുള്ള ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നിലപാടിനോടൊപ്പം നിൽക്കുകയും വിഭജനത്തിൽ ഹിന്ദുമഹാസഭയുടെ ആശയരൂപീകരണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിച്ചതും സവർക്കറാണ്– എം വി ഗോവിന്ദൻ പറഞ്ഞു.

സിഎംപി ജനറൽ സെക്രട്ടറി സി പി ജോൺ പുസ്തകം ഏറ്റുവാങ്ങി. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി കെ മധു അധ്യക്ഷനായി. ഡോ. ജി ആർ സന്തോഷ്കുമാർ, ബോബി തോമസ് എന്നിവരും സംസാരിച്ചു. സൈൻ ബുക്സാണ് പ്രസാധകർ.

മൂന്നാഴ്ച; 4.86 ലക്ഷം ലൈസൻസ് സ്മാർട് ആയി

സ്വന്തംലേഖകൻ

തിരുവനന്തപുരം

സംസ്ഥാനത്ത് മൂന്നാഴ്ചയ്ക്കിടെ നൽകിയത് 4.86 ലക്ഷം സ്മാർട്ട് ഡ്രൈവിങ് ലൈസൻസ്. എട്ട് സുരക്ഷാ ഫീച്ചർ അടങ്ങുന്ന പിവിസി പെറ്റ്ജി കാർഡുകൾ ഏപ്രിൽ ഇരുപതിനാണ് ഉദ്ഘാടനം ചെയ്തത്. 70987 പേർ ഡ്രൈവിങ് ലൈസൻസ് കാർഡിലേക്ക് മാറ്റാൻ അപേക്ഷ നൽകി. ഏറ്റവും കൂടുതൽ കാർഡുകൾ നൽകിയത് കൊല്ലം ആർടിഒയാണ്. 16212. കുറവ് ദേവികുളം എസ്ആർടിഒയും. 1157 കാർഡ്. അതേസമയം പിവിസി കാർഡുകൾ നൽകുന്നത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് യുഡിഎഫ് ഭരണകാലത്ത് കരാർ നേടിയ സ്വകാര്യകമ്പനി സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. കമ്പനിയുടെ ആവശ്യം ഹൈക്കോടതി തള്ളിയിരുന്നു.

കാർഡ് ഒന്നിന് 60 രൂപ ചെലവിലാണ് എൻട്രസ്റ്റ് എന്ന അമേരിക്കൻ കമ്പനിയുടെയും ഇവോലിസ് എന്ന ഫ്രഞ്ചുകമ്പനിയുടെയും സഹായത്തോടെ മോട്ടോർ വാഹന വകുപ്പ് കാർഡ് പ്രിന്റ് ചെയ്യുന്നത്.

പഴയ ലൈസൻസിൽനിന്ന് മാറാൻ 200 രൂപയാണ് ഈടാക്കുക. ഡ്യൂപ്ലിക്കേറ്റിന് 1200 രൂപയും. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും താമസിയാതെ സ്മാർട്ട് കാർഡിലേക്ക് മാറും.

നടപടിയിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം

ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ഏതു തരത്തിലുള്ള ആക്രമണമായാലും ശക്തമായ നടപടിയുണ്ടാകുമെന്ന് മന്ത്രി വീണാ ജോർജ്. നടപടിയിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. എറണാകുളത്തും തിരുവനന്തപുരത്തും ആരോഗ്യ പ്രവർത്തകർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ അപലപനീയമാണ്. നിലവിലുള്ള നിയമത്തിന്റെ പഴുതുകളടച്ച് ആക്രമണങ്ങളെ ചെറുക്കാൻ എല്ലാ മാർഗങ്ങളും സ്വീകരിക്കുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് പൊതു സമൂഹത്തിന്റെ സംരക്ഷണ കവചമുണ്ടാകണമെന്നും മന്ത്രി അഭ്യർഥിച്ചു.

പ്രോസിക്യൂഷൻ വാദങ്ങൾ അംഗീകരിച്ച് കോടതി

'പ്രതി കത്രിക എങ്ങനെ കൈക്കലാക്കി'

കൊല്ലം

ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിൽ കസ്റ്റഡി അപേക്ഷയിൽ പ്രോസിക്യൂഷൻ മുന്നോട്ടുവച്ച ആവശ്യങ്ങളെല്ലാം കോടതി അംഗീകരിച്ചു. പ്രാഥമിക ഘട്ടത്തിലാണ് അന്വേഷണം. പ്രതിയെ അഞ്ചുദിവസം കസ്റ്റഡി വേണമെന്ന് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. കൃത്യം ചെയ്യാൻ ഉപയോഗിച്ച കത്രിക സംഭവസ്ഥലത്തുനിന്നു തന്നെ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, എവിടെനിന്ന് എങ്ങനെയാണ് കത്രിക കൈക്കലാക്കിയതെന്ന് പ്രതിയിൽനിന്നു തന്നെ മനസ്സിലാക്കേണ്ടത് പ്രധാനമാണ്. പ്രതിയുടെ ദേഹത്തുള്ള മുറിവ് എങ്ങനെയുണ്ടായതാണെന്നും കണ്ടെത്തേണ്ടതുണ്ട്.മെഡിക്കൽ ബോർഡിന്റെ പരിശോധനയും അനിവാര്യമാണ്. സാക്ഷികളെ തിരിച്ചറിയൽ നടത്തേണ്ടതുണ്ടെന്നും പ്രോസിക്യൂഷൻ വാദിച്ചു. ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ വിടുന്നതിനെ സന്ദീപിന്റെ അഭിഭാഷകൻ ബി എ ആളൂർ ശക്തമായി എതിർത്തു. ഇതു തള്ളിയ കോടതി പ്രോസിക്യൂഷൻ വാദം അംഗീകരിച്ച് അഞ്ചു ദിവസത്തെ കസ്റ്റഡി അനുവദിക്കുകയായിരുന്നു.

സന്ദീപിന്റെ ആരോഗ്യസ്ഥിതി മോശമായതിനാൽ മെഡിക്കൽ സഹായം നൽകണമെന്നതായിരുന്നു ആളൂരിന്റെ പ്രധാനവാദം. ഡോക്ടറെ കുത്തിക്കൊന്നു എന്നതിനാൽ പ്രതിക്ക് ഒരു വൈദ്യസഹായവും ലഭിക്കുന്നില്ല. സന്ദീപിന്റെ ഇടതുകാലിന് പൊട്ടലുണ്ട്. ആദ്യം വൈദ്യസഹായമാണ് നൽകേണ്ടത്. മാനസികാവസ്ഥ പരിശോധിക്കണമെന്ന ആവശ്യത്തിന് പ്രസക്തിയില്ലെന്നുമായിരുന്നു വാദം.

വനിതാ ഗുസ്തിതാരങ്ങളുടെ സമരത്തിന് ഐക്യദാർഢ്യം അറിയിച്ച് ജനാധിപത്യ മഹിളാ അസോസിയേഷൻ യൂണിവേഴ്സിറ്റി കോളേജിന് മുന്നിൽ സംഘടിപ്പിച്ച ഒപ്പുശേഖരണ ക്യാമ്പയിൻ സംസ്ഥാന സെക്രട്ടറി സി എസ് സുജാത ഉദ്ഘാടനം ചെയ്യുന്നു

അസാപ് കേരളയും അപെക്സ് സ്കിൽ ഡെവലപ്മെന്റ് സെന്ററും കൈകോർക്കുന്നു

തിരുവനന്തപുരം

അസാപ് കേരള തമിഴ്നാട് നൈപുണ്യ ഏജൻസിയായ അപെക്സ് സ്കിൽ ഡവലപ്മെന്റ് സെന്ററുമായി ചേർന്ന് ബാങ്കിങ് മേഖലയിലെ നൈപുണ്യ കോഴ്സുകൾ നടപ്പാക്കാൻ കരാറൊപ്പിട്ടു. ആദ്യമായാണ് ഇതര സംസ്ഥാന നൈപുണ്യ ഏജൻസിയുമായി സഹകരിച്ച് അസാപിന്റെ നേതൃത്വത്തിൽ കോഴ്സ് ആരംഭിക്കുന്നത്. ബാങ്കിങ് ഫിനാൻഷ്യൽ സർവീസ് ഇൻഷുറൻസ് (ബിഎസ്എഫ്) രംഗത്തെ നൈപുണ്യ പരിശീലന കോഴ്സുകളാണ് ആരംഭിക്കുക. പരിശീലന കോഴ്സുകൾക്ക് അസാപ് രൂപം നൽകും. ബാങ്കിങ് മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ ശിൽപ്പശാലകൾ, കോൺഫറൻസുകൾ, സിംപോസിയങ്ങൾ എന്നിവ ഇരു സംസ്ഥാനങ്ങളിലും സംഘടിപ്പിക്കും.

ജിഎസ്ടി ഓഡിറ്റ് പരിശീലനം തുടങ്ങി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ഓഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം തുടങ്ങി. തെരഞ്ഞെടുത്ത 80 പേർക്കുള്ള പരിശീലനമാണ് തുടങ്ങിയത്. മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനംചെയ്തു.

ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ യഥാസമയം നികുതി പിരിക്കാനും ആവശ്യമായ സങ്കേതങ്ങൾ ഒരുക്കാനും ക്രിയാത്മകമായ ഓഡിറ്റിങ് അനിവാര്യമാണെന്ന് മന്ത്രി പറഞ്ഞു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ ക്രയവിക്രയങ്ങളിലടക്കം സംസ്ഥാന സർക്കാരിന് അർഹമായ നികുതി പിരിച്ചെടുക്കാൻ കഴിയുന്ന രീതിയിലേക്ക് ഓഡിറ്റിങ് മാറണം.

രണ്ടു വർഷത്തിൽ 18,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിലൂടെ സാധ്യമാക്കിയത്. കേന്ദ്ര നികുതി വിഹിതം കുറയുന്ന സാഹചര്യത്തിൽ തനത് വരുമാനമടക്കം വർധിപ്പിക്കാനാണ് ശ്രമമെന്നും ധനമന്ത്രി പറഞ്ഞു. ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ ജെ ജോസഫ് അധ്യക്ഷനായി. സംസ്ഥാന ജിഎസ്ടി വകുപ്പ് അഡീഷണൽ കമീഷണർ (ഒന്ന്) എബ്രഹാം റെൻ, ഡോ. എസ് കാർത്തികേയൻ, കെ ജെ ജെപ്സൺ, കെ ബിജു വൈദ്യൻ, കെ എം ചന്ദ്രശേഖർ, വി എസ് കൃഷ്ണൻ, ഡോ. എൻ രാമലിംഗം, കൃഷ്ണ മിശ്ര, പി കെ ഗോയൽ എന്നിവർ സംസാരിച്ചു.

ഹൈക്കോടതി ഉത്തരവ് സംസ്ഥാനത്ത് ആദ്യം

2 വധശിക്ഷയിൽ ലഘൂകരണ അന്വേഷണം

സ്വന്തം ലേഖിക

കൊച്ചി

- ഉത്തരവ് പെരുമ്പാവൂർ ജിഷ വധക്കേസ്, ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസ് പ്രതികളുടെ അപ്പീലിൽ
- പ്രതികളുടെ മറ്റ് പശ്ചാത്തലവും പരിശോധിക്കണമെന്ന സുപ്രീംകോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽക്കൂടിയാണ് ഉത്തരവ്

പെരുമ്പാവൂർ ജിഷ വധക്കേസ്, ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസ് പ്രതികളുടെ വധശിക്ഷ ഇളവു ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിക്കാൻ മിറ്റിഗേഷൻ ഇൻവെസ്റ്റിഗേഷൻ (ശിക്ഷാ ലഘൂകരണ അന്വേഷണം) നടത്താൻ ഉത്തരവിട്ട് ഹൈക്കോടതി. സംസ്ഥാനത്ത് നീതിന്യായ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു ഉത്തരവ്. ജസ്റ്റിസുമാരായ അലക്സാണ്ടർ തോമസ്, സി ജയചന്ദ്രൻ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെതാണ് ഉത്തരവ്.

കുറ്റകൃത്യത്തിനുശേഷവും മുമ്പുമുള്ള പ്രതികളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ സാഹചര്യങ്ങളും മാനസികനിലയും കുട്ടിക്കാലംമുതൽ നേരിട്ടിട്ടുള്ള പീഡനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളും അന്വേഷണ പരിധിയിൽ വരണമെന്നും കോടതി നിർദേശിച്ചു. ഡൽഹി നാഷണൽ ലോ യൂണിവേഴ്സിറ്റിയിലെ പ്രോജക്ട് 39 എന്ന വിദഗ്ധസമിതിയെ അന്വേഷണത്തിന് നിയോഗിച്ചു. അപൂർവങ്ങളിൽ അപൂർവമായ കേസുകളിലേ വധശിക്ഷ നൽകാവൂവെന്നും പ്രതികളുടെ മറ്റ് പശ്ചാത്തലവും പരിശോധിക്കണമെന്നുമുള്ള സുപ്രീംകോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽക്കൂടിയാണ് ഉത്തരവ്.

അമീറുൾ ഇസ്ലാം


നിനോ മാത്യു

ആറ്റിങ്ങൽ ഇരട്ടക്കൊലക്കേസിലെ പ്രതി നിനോ മാത്യുവും പെരുമ്പാവൂർ ജിഷ വധക്കേസിലെ പ്രതി അസംകാരൻ അമീറുൾ ഇസ്ലാമും വധശിക്ഷയ്ക്കെതിരെ നൽകിയ അപ്പീലും ശിക്ഷ നടപ്പാക്കണമെന്ന സർക്കാർ റഫറൻസും ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വധശിക്ഷ ഉറപ്പാക്കാൻ ആവശ്യമായ തെളിവുകളോടൊപ്പം ഒഴിവാക്കാൻ ആവശ്യമായ തെളിവുകളും കോടതിയുടെ മുന്നിൽ വരണം. അതിനാൽ രണ്ട് കേസിന്റെയും അപ്പീൽ പരിഗണിക്കുന്ന ഘട്ടത്തിൽത്തന്നെ മിറ്റിഗേഷൻ ഇൻവെസ്റ്റിഗേഷൻ നടത്താമെന്നും അപ്പീലിൽ തീരുമാനമെടുത്തശേഷമേ റിപ്പോർട്ട് പരിഗണിക്കാവൂവെന്നും കോടതി നിർദേശിച്ചു. അതുവരെ റിപ്പോർട്ട് രജിസ്ട്രി രഹസ്യമായി സൂക്ഷിക്കണം.

രണ്ട് കേസിലെയും പ്രതികളുടെ മാനസികനിലയെക്കുറിച്ച് മാനസികാരോഗ്യവിദഗ്ധനും സ്വഭാവത്തെക്കുറിച്ച് ജയിൽവകുപ്പും പ്രൊബേഷൻ ഓഫീസറും റിപ്പോർട്ട് നൽകണമെന്നും കോടതി നിർദേശിച്ചു. ആറ്റിങ്ങൽ ഇരട്ടക്കൊലപാതകം 2014ലും ജിഷവധം 2016ലുമാണ് നടന്നത്. അഡ്വക്കറ്റ് ജനറൽ കെ ഗോപാലകൃഷ്ണക്കുറുപ്പ്, സ്പെഷ്യൽ ഗവ. പ്ലീഡർ ടി ബി ഹൂദ് എന്നിവർ സർക്കാരിനുവേണ്ടി ഹാജരായി.